(ഡി) ഉണ്ട്. വിവിധ കാരണങ്ങളാൽ നേരത്തേ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന വളരെ ചുരുക്കം സ്വകാര്യ ആശുപത്രികൾ പദ്ധതിയിൽനിന്നും പിൻമാറിയിട്ടുണ്ട്. 2016-17 വർഷത്തിൽ ഒരു ആശുപത്രി, പദ്ധതിയിൽനിന്നും പിൻമാറിയപ്പോൾ 45 സ്വകാര്യ ആശുപത്രികൾ പദ്ധതിയിലേയ്ക്ക് പുതുതായി കടന്നുവന്നിട്ടുണ്ട്. നിലവിൽ 229 സ്വകാര്യ-സഹകരണ ആശുപത്രികളിലും 261 സർക്കാർ ആശുപത്രികളിലും ആർ.എസ്.ബി.വൈ. സേവനം ലഭ്യമാണ്.

(ഇ) കൂടുതൽ സ്വകാര്യ സഹകരണ ആശുപത്രികളെ ഈ പദ്ധതിയിലേയ്ക്ക് ആകർഷിക്കുന്നതിനായി വർഷംതോറും വ്യത്യസ്ത ഇടവേളകളിലായി ജില്ലാതല ശിൽപ്പശാലകൾ സംഘടിപ്പിക്കുകയും സ്വകാര്യ സഹകരണ ആശുപത്രികളുടെ പങ്കാളിത്തം പരമാവധി ഉറപ്പാക്കുകയും ചെയ്തുവരുന്നു.

**തൊഴിൽ നിയമ ലംഘനങ്ങൾ**

19 (*379) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് തൊഴിൽ നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) തൊഴിൽ നിയമ ലംഘനങ്ങൾക്കുള്ള പിഴത്തുക വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റുകളിൽ തൊഴിലാളി പ്രാതിനിധ്യം ഉറപ്പുവരുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ന്യായ വേതനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതിയും വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

(ഇ-പേയ്മെന്റ്) നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ തർക്കങ്ങളുണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസിലിയേഷൻ/അഡ്ജൂഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണാറുണ്ട്. 75 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ നിർമ്മാണ മേഖല ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ വിവിധ നിയമപ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ഥാപന പരിശോധനകൾ, സ്ക്വാഡ് ഇൻസ്പെക്ഷൻ, സ്പെഷ്യൽ ഡ്രൈവ് എന്നിവ നടത്തുന്നുണ്ട്. 2016-ൽ 41431 സ്ഥാപന പരിശോധനകൾ നടത്തുകയും 5457 പ്രോസിക്യൂഷൻ, 694 ക്ലെയിം പെറ്റീഷൻ എന്നിവ നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തൊഴിൽ നിയമലംഘനങ്ങൾക്കുള്ള പിഴത്തുക വർദ്ധിപ്പിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റുകളിൽ തൊഴിലാളി പ്രാതിനിധ്യം ഉറപ്പുവരുത്തുന്ന കാര്യം അതാത് സ്ഥാപനങ്ങളാണ് തീരുമാനിക്കുന്നത്.

(ഡി) ന്യായവേതനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നത് സർക്കാർ പരിഗണനയിലാണ്.

**അസംഘടിത തൊഴിലാളികൾക്ക് വേതന സുരക്ഷയും പാർപ്പിട സൗകര്യവും**

20(*380) ശ്രീ .കെ.ജെ. മാക്സി :

ശ്രീ. കെ. ദാസൻ :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് വേതനം ഉറപ്പുവരുത്തുന്നതിനും വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്കുകൾ വഴി നൽകുന്നതിനുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly